## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *100 — 04.12.2014-ൽ മറുപടിയ്ക്ക്

## മോണോറെയിൽ, ലൈറ്റ് മെട്രോ പദ്ധതികൾ

**ചോദ്യം**

ശ്രീ. എ.പ്രദീപ്കുമാർ
,, വി.ശിവൻകുട്ടി
,, ബി.സത്യൻ
,, പുരുഷൻ കടലുണ്ടി

**മറുപടി**

ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പമന്ത്രി)

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇത് പിന്നീട് വേണ്ടെന്നു വെയ്ക്കാൻ കാരണമെന്തായിരുന്നു ; ഇത് സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതികൾക്ക് വേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ 01.10.2013-ന് ദർഘാസ് ക്ഷണിക്കുകയും, ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ, പുനർദർഘാസ് വിളിക്കുകയും ചെയ്തു. പുനർദർഘാസ് 30.05.2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെൻഡർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ്, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് , പദ്ധതിയ്ക്കുള്ള അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28.08.2014-ന് കൂടിയ കോർപ്പറേഷന്റെ 10-ാമത് ബോർഡ് യോഗത്തിൽ, പ്രസ്തുത ടെൻഡർ നിരസിക്കുന്നതിനും, മോണോറെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. മോണോറെയിൽ പദ്ധതികളുടെ ഭരണാനുമതി 5581 കോടി രൂപയ്ക്കായിരുന്നു. എന്നാൽ ബൊംബാർഡിയർ ക്വാട്ട് ചെയ്തത് 14001 കോടി രൂപയായിരുന്നു. സാമ്പത്തിക ദർഘാസിന്റെ പരിശോധനാ റിപ്പോർട്ടിൽ DMRC ശുപാർശ ചെയ്തു താഴെപ്പറയുന്ന രണ്ട്

കാര്യങ്ങളുടെ അടിസ്ഥാനത്തിൽ മോണോറെയിൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ്, ടെണ്ടർ നിരസിക്കാനും മോണോറെയിൽ പദ്ധതിക്കു പകരം ഉചിതമായ മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാനും DMRC-യെ ചുമതലപ്പെടുത്തി.

(1) ബൊംബാർഡിയർ ക്വാട്ട് ചെയ്ത തുക, നെഗോഷ്യേഷനിലൂടെ ഗണ്യമായി കുറയ്ക്കാനുള്ള സാധ്യത വിരളമാണ്.

(2) മോണോറെയിൽ പദ്ധതിയേക്കാൾ ലൈറ്റ് മെട്രോ പദ്ധതി തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾക്ക് അനുയോജ്യമാണ്.

മോണോറെയിൽ പദ്ധതി സർക്കാരിന്റെ മിഷൻ 676-ലെ നവരത്ന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിനകം നടത്തിയിട്ടുള്ളത് ; ഇതിനായി നാളിതുവരെ എത്ര തുക ചെലവാക്കിയെന്ന് അറിയിക[illegible]

(ബി) 09.10.2012-ലെ ജി.ഒ.(എം.എസ്) നം.72/2012/പി.ഡബ്ല്യു.ഡി പ്രകാരം തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽ പദ്ധതികൾക്കായി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു Special Purpose Vehicle (SPV), പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സജ്ജമാക്കുകയും, 14.05.2013-ലെ ജി.ഒ.(എം.എസ്) നം.50/2013/പി.ഡബ്ല്യു.ഡി അനുസരിച്ച് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ജനറൽ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. എന്നാൽ ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാമ്പത്തിക ദർഘാസിൽ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28.08.2014-ന് കൂടിയ യോഗത്തിൽ ടെൻഡർ നിരസിക്കാനും മോണോറെയിൽ പദ്ധതി ഒഴിവാക്കിയിട്ട് പകരം മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. രൂപരേഖകൾ തയ്യാറാക്കാനായി ഫീസിനത്തിൽ 67,21,000 രൂപയും ജനറൽ കൺസൾട്ടൻസി ഫീസിനത്തിൽ അഡ്വാൻസ് ആയി 9,60,22,856/- രൂപയും അഡ്മിനിസ്ട്രേറ്റീവ് ഇനത്തിൽ 44,11,284/- രൂപയുമാണ് ഇതുവരെ പദ്ധതിക്കുവേണ്ടി ആകെ ചെലവഴിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കേതിക സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (സി) | ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനുള്ള സാങ്കേതിക സാധ്യതകളെക്കുറിച്ച് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ വിശദമായി പഠനം നടത്തുകയും വിശദമായ രൂപരേഖ ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രൂപരേഖ അനുസരിച്ച് പദ്ധതികൾക്കായി ആകെ 6728 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | പദ്ധതിക്കാവശ്യമായ പണം ഏത് സ്രോതസ്സ് വഴിയാണ് കണ്ടെത്തിയിട്ടുള്ളത് ; | (ഡി) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ധനസമാഹരണത്തിനായി മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും, 20% കേന്ദ്ര ഗവൺമെന്റും ബാക്കി 60% തദ്ദേശീയ ബാങ്കുകൾ മുഖേനയും കണ്ടെത്തുന്നതിനുമാണ് ഡി.പി.ആറിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ഇ) | പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ? | (ഇ) | പദ്ധതിക്ക് ഭരണാനുമതി ലഭിച്ചാലുടൻ തന്നെ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**